**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5306**

**01-07-2019 - ലെ മറുപടിക്ക്**

**ടെണ്ടർ ബാലൻസ്**

| ചോദ്യം<br>**ശ്രീ.സി.കൃഷ്ണൻ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി, പ്രാദേശിക വികസന പദ്ധതി എന്നിവയിൽ വരുന്ന ടെണ്ടർ ബാലൻസ് തുക ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ സമർപ്പിക്കാൻ ഇപ്പോൾ അനുമതി നൽകുന്നുണ്ടോ; | എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിയിൽ വരുന്ന പദ്ധതികളുടെ ടെണ്ടർ ബാലൻസ് തുക 04/08/2018 ലെ സ.ഉ(അച്ചടി)നം.119/2018/ധന. ഉത്തരവ് പ്രകാരം ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ സമർപ്പിക്കാൻ അനുമതി നൽകുന്നുണ്ട്. |
| ബി) പയ്യന്നൂർ മണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ ടെണ്ടർ ബാലൻസായി എത്ര തുകയാണുള്ളത്; വിശദമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംസ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംസ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| സി) ടെണ്ടർ ബാലൻസായി വരുന്ന തുകയ്ക്ക് പുതിയ പദ്ധതികൾ സമർപ്പിക്കാൻ അനുമതി നൽകുമോ; വിശദമാക്കാമോ? | പിരിവ് (ബി)യിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ടെണ്ടർ ബാലൻസ് തുക കണ്ടെത്തിയാൽ മാത്രമേ പുതിയ പദ്ധതികൾക്ക് അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ |

**സെക്ഷൻ ഓഫീസർ**